**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2089

**17.06.2014**- ൽ മറുപടിക്ക്

**നഷ്ടത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ. കെ. ലതിക :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 1604 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| ബി) പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) 2012-2013 വർഷത്തെ കണക്കുകൾ പ്രകാരം പ്രസ്തുത സംഘങ്ങളിൽ 822 എണ്ണം ലാഭത്തിലും 782 എണ്ണം നഷ്ടത്തിലും പ്രവർത്തിച്ചു വരുന്നു. |
| സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാനതലത്തിൽ വിവിധ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്ന പദ്ധതിയിൽപ്പെടുത്തി വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു. |
| ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ഓഡിറ്റ് ഫീസ് ഒഴിവാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) നഷ്ടവും ലാഭവും കണക്കാക്കിയല്ല ആഡിറ്റ് ഫീസ് നിശ്ചയിക്കുന്നതെന്നതിനാൽ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ ആഡിറ്റ് ഫീസ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**